# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6651 04.04.2018-ൽ മറുപടിക്ക്

**ചോദ്യ പേപ്പർ ചോർന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി**

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം | | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന ചോദ്യപേപ്പർ ചോർച്ച മൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് അടിക്കടി ചോദ്യപേപ്പറുകൾ ചോരുന്നില്ല. |
| (ബി) | ഈ വർഷത്തെ ഹയർ സെക്കണ്ടറി ഫിസിക്സ് ചോദ്യ പേപ്പർ ചോർന്നതിനെ പറ്റിയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്; അറിയിക്കാമോ; | (ബി) | ഈ വർഷത്തെ ഹയർ സെക്കണ്ടറി ഫിസിക്സ് ചോദ്യ പേപ്പർ ചോർന്നിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ചുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തിവരുന്നു. |
| (സി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്ന സംഭവത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയുടെ ചോദ്യപേപ്പർ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ വർഷം എസ്.എസ്.എൽ.സി. കണക്ക് ചോദ്യപേപ്പർ ചോർന്നത് സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ.സി കണക്ക് ചോദ്യപേപ്പർ ചോർന്നതായ വിവാദം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ചോദ്യപേപ്പർ തയ്യാറാക്കിയ ശ്രീ സുജിത്ത് കുമാർ, എച്ച്.എസ്.എസ്.റ്റി, ജി.എച്ച്.എസ്.എസ്. ചെറുകുന്ന്, കണ്ണൂർ-നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. |

(മറുപുറം...)

| | |
|---|---|
| (ഇ) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാത്തതാണ് ചോദ്യ പേപ്പറുകൾ തുടരെ ചോരുന്നതെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ മുഖം നോക്കാതെ കർശന നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ഇ) ചോദ്യപേപ്പറുകൾ തുടരെ ചോരുന്നില്ല. എന്നാൽ ചോദ്യപേപ്പർ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ.**